## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-348

23-01-2018-ലെ മറുപടിയ്ക്ക്

**'ബാലസാന്ത്വനം' പദ്ധതി**

| **ചോദ്യം**<br>**ശ്രീ.സി. ദിവാകരൻ** | **മറുപടി**<br>**ഡോ. റ്റി.എം. തോമസ് ഐസക്**<br>**ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
|---|---|
| (എ) ബാലസാന്ത്വനം പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ; | അർബുദ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്ന് ഒരു നിശ്ചിത തുക സ്വരൂപിച്ചുകൊണ്ട് ബാലസാന്ത്വനം എന്ന പദ്ധതിക്ക് 23/12/2014 – ലെ ജി.ഒ (പി) നം. 575/14/ധന പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ ജി.ഒ (പി) നം. 113/2015/ധന തീയതി 16/03/2015 പ്രകാരം നിശ്ചയിച്ചിരുന്നു. പ്രസ്തുത ഉത്തരവുകൾ പ്രകാരം തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്ററിൽ ചികിത്സയ്ക്ക് എത്തുന്ന കുട്ടികൾക്ക് മാത്രമാണ് ധനസഹായം ലഭിച്ചിരുന്നത്. 11/01/2018 – ലെ ജി.ഒ (ആർ ടി) നം. 294/2018 ധന ഉത്തരവ് പ്രകാരം മലബാർ ക്യാൻസർ സെന്റർ , സംസ്ഥാനത്തെ വിവിധ ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ ,ഗവൺമെന്റ് അംഗീകൃത വിവിധ സഹകരണ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ അർബുദരോഗചികിത്സയ്ക്കെത്തുന്ന കുട്ടികളെക്കൂടി ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം ചെയ്യുന്നു. |
| (ബി) ബാലസാന്ത്വനം പദ്ധതിയിൽ | റീജണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ |

| | |
|---|---|
| ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | സെന്റർ , സംസ്ഥാനത്തെ വിവിധ ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ തുടങ്ങിയ ആശുപത്രിയിൽ ക്യാൻസർ ചികിത്സയ്ക്കായി എത്തുന്ന പതിനെട്ടുവയസ്സും അതിന് താഴെയുള്ള കുട്ടികൾക്കാണ് ബാലസാന്ത്വനം പദ്ധതിയിൽ നിന്നും സഹായം ലഭിക്കുന്നത്. |
| (സി) ബാലസാന്ത്വനം പദ്ധതിയിലേക്ക് ആവശ്യമായ ഫണ്ട് സ്വരൂപിക്കാൻ നിലവിലുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | ബാലസാന്ത്വനം പദ്ധതിയിലേയ്ക്ക് ഫണ്ട് നിലവിൽ സ്വരൂപിക്കുന്നത് സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്ന് ഒരു നിശ്ചിത തുക വഴിയാണ്. |
| ഡി) നിലവിലുള്ള മാർഗ്ഗങ്ങൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | ബാലസാന്ത്വനം പദ്ധതിയിൽ എല്ലാ സർക്കാർ ജീവനക്കാരിൽ നിന്നും കൂടാതെ പൊതു ജനങ്ങൾ / സ്ഥാപനങ്ങൾ / എന്നിവരിൽ നിന്നും ടി പദ്ധതിയുടെ ഫണ്ട് സ്വരൂപിക്കാൻ കഴിഞ്ഞാൽ പദ്ധതി സുഗമമായി നടത്താൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

GNC - 348

GOVERNMENT OF KERALA

**സംഗ്രഹം**

ബാലസാന്ത്വനം പദ്ധതി-മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (ഫണ്ട്സ്) വകുപ്പ്**

GO(Rt)No.294/2018/Fin. തിരുവനന്തപുരം, തീയതി:11.01.2018

പരാമർശം:-

(1) ജി.ഒ.(പി) നം.575/14/ധന തീയതി 23/12/2014

(2) ജി.ഒ.(പി) നം.43/2015/ധന തീയതി 16/03/2015

ഉത്തരവ്

അർബുദബാധിതരായ കുട്ടികളുടെ ചികിത്സാചെലവുകൾക്കായി സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രതിമാസശമ്പളത്തിൽ നിന്നും ഒരു നിശ്ചിത തുക സ്വരൂപിച്ചുകൊണ്ട് **'ബാലസാന്ത്വനം'** എന്ന പദ്ധതിക്ക് രൂപം നൽകി പരാമർശം-1 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ പരാമർശം-2 പ്രകാരം നിശ്ചയിച്ചിരുന്നു.

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിനുകീഴിൽ ചികിത്സയ്ക്കെത്തുന്ന അർബുദരോഗബാധിതരായ കുട്ടികൾക്ക് മാത്രമാണ് ബാലസാന്ത്വനം പദ്ധതിയിൽ നിന്നും നിലവിൽ ധനസഹായം ലഭിച്ചുവരുന്നത്. സംസ്ഥാനത്തെ വിവിധ ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, മലബാർ ക്യാൻസർ സെന്റർ എന്നിവിടങ്ങളിൽ അർബുദരോഗബാധിതരായി ചികിത്സയ്ക്കെത്തുന്ന കുട്ടികളെക്കൂടി ഈ പദ്ധതിക്ക് കീഴിൽ കൊണ്ടുവരണമെന്നും, നിലവിലെ ചികിത്സാചിലവിലുണ്ടായിട്ടുള്ള വർദ്ധന പരിഗണിച്ച് ധനസഹായപരിധി വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യം വിവിധതലങ്ങളിൽ നിന്നും ഉയർന്നുവന്നിരുന്നു.

അർബുദരോഗബാധിതരായി ചികിത്സയ്ക്കെത്തുന്ന കുട്ടികൾക്കുള്ള അടിയന്തിര സമാശ്വാസധനസഹായമായാണ് സർക്കാർ "ബാലസാന്ത്വനം" പദ്ധതി ആരംഭിച്ചിട്ടുള്ളത്. അടിയന്തിര സമാശ്വാസസഹായവിതരണം ആയതിനാൽ തന്നെ ഇക്കാര്യത്തിന് മുന്തിയപരിഗണന നൽകി എത്രയുംവേഗം ധനസഹായം ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന കാര്യങ്ങൾ ഈ പദ്ധതിയുടെ ഭാഗമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു;

1.ബാലസാന്ത്വനം പദ്ധതിയിൽ നിന്നുമുള്ള സമാശ്വാസധനസഹായത്തിന് തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിനുപുറമെ മലബാർ ക്യാൻസർ സെന്റർ, സംസ്ഥാനത്തെ വിവിധ ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ഗവൺമെന്റ് അംഗീകൃത വിവിധ സഹകരണ മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ അർബുദരോഗചികിത്സയ്ക്കെത്തുന്ന കുട്ടികളെക്കൂടി ഉൾപ്പെടുത്തുന്നു. ഇതിനായി മേൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിലെ കുട്ടികളുടെ അർബുദരോഗചികിത്സയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ ചികിത്സയ്ക്കെത്തുന്ന അതാത് കുട്ടികളെ സംബന്ധിക്കുന്ന വിവരത്തോടൊപ്പം അവരുടെ / രക്ഷിതാക്കളുടെ പേര്, അഡ്രസ്സ്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ( ബാങ്ക് അക്കൗണ്ട് നം., IFSC കോഡ് , ബാങ്ക് ബ്രാഞ്ച്) എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശിപാർശ ധനകാര്യ വകുപ്പിലേക്ക് ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ ശിപാർശ ചെയ്യപ്പെടുന്ന

കുട്ടികളുടെ രക്ഷിതാക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് സമാശ്വാസത്തുക ധനകാര്യ വകുപ്പിൽ നിന്ന് നേരിട്ട് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യ് അനുവദിയ്ക്കുന്നതാണ്.

2.ബാലസാന്ത്വനം പദ്ധതിയിൽ നിന്നും അനുവദിയ്ക്കുന്ന സമാശ്വാസധനസഹായത്തിന്റെ പരിധി 5,000/- (അയ്യായിരം രൂപ) രൂപയിൽ നിന്നും 10,000/- (പതിനായിരം രൂപ) രൂപയായി വർദ്ധിപ്പിക്കുന്നു.

3.ഈ പദ്ധതിയെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഭാഗമായുള്ള പദ്ധതിയാക്കിക്കൊണ്ട് **"മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-ബാലസാന്ത്വനം"** എന്ന് പുനർനാമകരണം ചെയ്യുന്നു. ഈ പദ്ധതിയിലേക്ക് സംഭാവന ചെയ്യുന്നവർക്ക് ആദായനികുതി നിയമത്തിലെ സെക്ഷൻ 80 ജി (2) (iii HF) പ്രകാരം 100 % നികുതി ഇളവ് ലഭിയ്ക്കുന്നതാണ്.

4.ഈ പദ്ധതിയിലേക്ക് സംഭാവന നൽകുന്ന വ്യക്തികൾക്ക് ധനകാര്യ വകുപ്പിൽ നിന്നും എല്ലാ സാമ്പത്തിക വർഷാവസാനവും നേരിട്ട് രസീത് നൽകുന്നതാണ്. "സ്പാർക്ക്" സംവിധാനം വഴിയല്ലാതെ ശമ്പളബില്ലുകൾ മാറുന്ന ഓഫീസിലെ ജീവനക്കാരുടെ വിവരങ്ങൾ, ഒടുക്കിയ തീയതി, ട്രഷറി എന്നീ വിവരങ്ങൾ പ്രസ്തുത ഓഫീസിലെ ശമ്പളവിതരണച്ചുമതലയുള്ള ഉദ്യോഗസ്ഥൻ നേരിട്ട് എല്ലാ മാസവും ധനകാര്യവകുപ്പിൽ ലഭ്യമാക്കേണ്ടതാണ്. (sectfinancefunds @ gmail.com)

5.ഈ പദ്ധതിയിൽ നിന്നുള്ള ധനസഹായവിതരണം സുഗമമാക്കുന്നതിനായി നൂതനസാങ്കേതിക സംവിധാനങ്ങൾ ഉള്ള പൊതുമേഖലാബാങ്കിന്റെ സേവനം ലഭ്യമാക്കുന്നതാണ്.

6.**'മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-ബാലസാന്ത്വനം'** പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, ത്വരിതപ്പെടുത്തുന്നതിനുമായി ധനകാര്യ വ്യയം സെക്രട്ടറിയെ ഈ പദ്ധതിയുടെ പൂർണ്ണച്ചുമതലയുള്ള **കൺട്രോളിംഗ് ഓഫീസറായി** നിയമിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**മനോജ് ജോഷി**
**പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ),കേരള, തിരുവനന്തപുരം
3.പ്രൈവറ്റ് സെക്രട്ടറി, മുഖ്യമന്ത്രിയുടെ ഓഫീസ്
4.പ്രൈവറ്റ് സെക്രട്ടറി, ധനകാര്യവകുപ്പ് മന്ത്രിയുടെ ഓഫീസ്
5.ആരോഗ്യവകുപ്പ് സെക്രട്ടറി (തുടർനടപടികൾക്കായി)
6.ഡയറക്ടർ, ട്രഷറി വകുപ്പ് ,തിരുവനന്തപുരം
7.ഡയറക്ടർ, റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം
8.ഡയറക്ടർ, മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ
9.സൂപ്രണ്ടന്റ്, സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജ്, എല്ലാ ജനറൽ ആശുപത്രികൾ
10.എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർക്കും( എല്ലാ ജനറൽ ഹോസ്പിറ്റലുകൾക്കും, എല്ലാ മെഡിക്കൽ കോളേജുകൾക്കും)
11.ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
12.മുഴുവൻ ജില്ലാ/സബ് ട്രഷറി ഓഫീസർക്കും
13.എല്ലാ വകുപ്പ് മേധാവികൾക്കും
14 സ്റ്റേറ്റ് നോഡൽ ഓഫീസർ(www.finance.kerala.gov.in)
15.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം (പ്രസിദ്ധീകരണത്തിനായി)
16.കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

No - 348

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ്—അർബുദ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സന്നദ്ധരായ സർക്കാർ/പൊതുമേഖല/സ്വയംഭരണ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഒരു നിശ്ചിത തുക സ്വീകരിക്കുന്നതിന് "ബാലസാന്ത്വനം-2014" എന്ന പദ്ധതിക്ക് രൂപം കൊടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജി. ഒ. (പി) നമ്പർ 575/2014/ധന. തിരുവനന്തപുരം, 2014 ഡിസംബർ 23.

## ഉത്തരവ്

അർബുദ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മാസ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന ഒരു നിശ്ചിത തുക ഉപയോഗിച്ച് ഒരു ഫണ്ട് രൂപീകരിക്കണമെന്നും ടി ഫണ്ടിലേക്ക് ലഭിക്കുന്ന തുക കുട്ടികളുടെ ക്ഷേമത്തിനുവേണ്ടി ഉപയോഗിക്കണമെന്നുമുള്ള ഒരു നിർദ്ദേശം ഒരു കൂട്ടം സർക്കാർ ജീവനക്കാർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഇക്കാര്യം വിശദമായി പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ റീജിയണൽ ക്യാൻസർ സെന്ററിൽ ചികിൽസയിൽ കഴിയുന്ന കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സർക്കാർ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രതിമാസം ഒരു നിശ്ചിത തുക സ്വീകരിക്കുന്നതിനായി "ബാലസാന്ത്വനം-2014" എന്ന പദ്ധതിക്ക് രൂപം നൽകുന്നു.

### പദ്ധതിയുടെ മാനദണ്ഡങ്ങൾ

1. "ബാലസാന്ത്വനം-2014" എന്ന പദ്ധതിയിലേക്ക് തുക നൽകാൻ സന്നദ്ധരായ ഗസറ്റഡ്, നോൺ ഗസറ്റഡ് ജീവനക്കാരുടെ സമ്മതപത്രം അതാത് വകുപ്പ്/ഓഫീസ് മേധാവികൾ സ്വീകരിച്ച് സൂക്ഷിക്കേണ്ടതും പ്രസ്തുത വിവരങ്ങൾ ധനകാര്യ (ഫണ്ട്സ്)

വകുപ്പിനെ അറിയിക്കേണ്ടതുമാകുന്നു. ഗസറ്റഡ് ജീവനക്കാരുടെ സമ്മതപത്രത്തിന്റെ പകർപ്പ് ശമ്പളം മാറുന്ന ട്രഷറിക്കും നൽകേണ്ടതാണ്. (സമ്മതപത്രത്തിന്റെ മാതൃക ഉള്ളടക്കം ചെയ്യുന്നു.)

2. ജീവനക്കാരുടെ തുക അതാത് ട്രഷറി ഓഫീസർമാർ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത് ഇതിനായി പ്രത്യേകം ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിലേക്ക് മാറ്റി പ്രസ്തുത വിവരങ്ങൾ ധനകാര്യ (ഫണ്ട്സ്) വകുപ്പിനെ അറിയിക്കേണ്ടതാണ്. (ട്രഷറി അക്കൗണ്ട് നടപടിയെ സംബന്ധിച്ച വിശദമായ ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.)

3. ഉദ്യോഗസ്ഥരുടെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്ന തുക നിക്ഷേപിക്കുന്നതിനായി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിൽ ജില്ലാ ട്രഷറിയിൽ ഒരു സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ട് ആരംഭിക്കുന്നതാണ്.

4. ഇപ്രകാരം അക്കൗണ്ടിൽ സ്വരൂപിക്കുന്ന തുക തിരുവനന്തപുരം ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് ആവശ്യാനുസരണം ക്രെഡിറ്റ് ചെയ്യപ്പെടുന്നതാണ്. ജില്ലാ കളക്ടർ ആർ.സി.സി. മേധാവിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ച് തുക അനുവദിക്കേണ്ടതാണ്.

5. 18 വയസ്സും അതിൽ താഴെയുമുള്ള കുട്ടികളുടെ ചികിത്സാ ധനസഹായം ഈ പ്രത്യേക ഫണ്ടിൽനിന്നും വഹിക്കുന്നതാണ്.

6. ടി പദ്ധതിയിലേക്ക് പ്രതിമാസം 1000 രൂപയോ അതിൽ കൂടുതലോ നൽകുന്നവരുടെ പേരുവിവരം ധനകാര്യ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

7. പദ്ധതിയിൽ അംഗമാകുന്ന സർക്കാർ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം വേണ്ടിവന്നാൽ ലഭിക്കുന്നതാണ്.

8. പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഈ മഹത്തായ സംരംഭത്തിൽ പങ്കാളികളാകാവുന്നതാണ്. അതാത് സ്ഥാപന മേധാവികൾ ഇതിനായി പ്രത്യേക ക്രമീകരണം നടത്തി തുക ശേഖരിച്ച് ട്രഷറിയിൽ ഇതിനായി പ്രത്യേകം ആരംഭിക്കുന്ന അക്കൗണ്ടിൽ നിക്ഷേപിക്കാവുന്നതാണ്. പദ്ധതിയിൽ അംഗമാകുന്നവരുടെ വിശദാംശങ്ങൾ ധനകാര്യ (ഫണ്ട്സ്) വകുപ്പിൽ ലഭ്യമാക്കേണ്ടതുമാകുന്നു.

9. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും തുക കുറവ് ചെയ്യുന്നതിന് സ്പാർക്കിൽ പ്രത്യേക കോഡ് നമ്പർ വരുത്തുന്നതും ട്രഷറി കോഡിൽ ഇതിനായി മാറ്റം വരുത്തുന്നതുമാണ്.

10. ജീവനക്കാരിൽ നിന്നും ഒരു നിശ്ചിത തുക നിശ്ചിത കാലയളവിലേക്ക് (കുറഞ്ഞത് ആറ് മാസം) നൽകണമെന്നുള്ള ഉറപ്പ് സമ്മതപത്രം വഴി അതാത് നോഡൽ ഓഫീസർ സ്വീകരിക്കേണ്ടതാണ്.

11. സമ്മതപത്രം നൽകുന്ന ജീവനക്കാരെ സംബന്ധിച്ചുള്ള വിവരങ്ങൾ അതായത് വകുപ്പ്/സ്ഥാപനങ്ങളും, അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ള തുകയെ സംബന്ധിക്കുന്ന വിവരങ്ങൾ ട്രഷറി വകുപ്പ്, ധനകാര്യ (ഫണ്ട്സ്) വകുപ്പിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ധനകാര്യ (ഫണ്ട്സ്) വകുപ്പ് ടി പദ്ധതിയുടെ സ്റ്റേറ്റ് നോഡൽ വകുപ്പായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. കെ. എം. എബ്രഹാം,

*അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം).*

*പകർപ്പ്—*

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ്.എസ്.എ.), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ.), കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവന്മാർക്കും ഓഫീസുകൾക്കും.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവന്മാർക്കും.

എല്ലാ സഹകരണ സ്ഥാപനങ്ങളുടെ തലവന്മാർക്കും.

എല്ലാ സ്വയംഭരണ സ്ഥാപനങ്ങളുടേയും അർദ്ധസർക്കാർ സ്ഥാപനങ്ങളുടേയും തലവന്മാർക്കും.

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർമാർ, സർവ്വകലാശാലകൾ കേരള/കൊച്ചി/കോഴിക്കോട്/മഹാത്മാഗാന്ധി/കണ്ണൂർ/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, ലോകായുക്ത, തിരുവനന്തപുരം.

രജിസ്ട്രാർ, കാർഷിക സർവ്വകലാശാല, മണ്ണുത്തി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).

കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രാർമാർക്കും.

സെക്രട്ടറി, തദ്ദേശ സ്വയംഭരണ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).

എല്ലാ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും.

ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.

നിയമസഭാ സ്പീക്കറുടേയും, ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ, കേരള, തിരുവനന്തപുരം.

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്തോടുകൂടി).

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

കേരള സർക്കാർ

## സമ്മതപത്രം

"ബാലസാന്ത്വനം-2014" എന്ന പദ്ധതിയിലേക്ക് ₹ ..............................................

(..............................................................................................................................രൂപ)

ആജീവനാന്തം ................................മുതൽ ..........................വരെ എന്റെ വിഹിതമായി ശമ്പളത്തിൽ നിന്നും കുറവ് ചെയ്യുന്നതിന് ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

ഒപ്പ്..............................................................

പേര്..............................................................

തസ്തിക..................................................

ഓഫീസ്..................................................

സ്ഥലം......................................

തീയതി......................................

GCPT. 4/10/2015/S-16.

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ്—ബാലസാന്ത്വനം 2014—തുക സ്വീകരിക്കുന്നതും അനുവദിക്കുന്നതും സംബന്ധിച്ച നടപടിക്രമം—ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ജി. ഒ. (പി) നമ്പർ 113/2015/ധന. *തിരുവനന്തപുരം, 2015 മാർച്ച് 16.*

---

പരാമർശം:—(1) ജി. ഒ. (പി) നമ്പർ 575/2014/ധന. തീയതി 23-12-2014.

(2) 10-2-2015-ൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ നടന്ന മീറ്റിംഗ്.

## ഉത്തരവ്

അർബുദ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖല/സ്വയംഭരണ/സ്ഥാപനങ്ങളിലെ ജീവനക്കാരുടെ മാസ ശമ്പളത്തിൽനിന്നും കുറവ് ചെയ്യുന്ന ഒരു നിശ്ചിത തുക ഉപയോഗിച്ച് ഒരു ഫണ്ട് രൂപീകരിക്കുന്നതിനായി പരാമർശം 1 പ്രകാരം ബാലസാന്ത്വനം 2014 എന്ന പദ്ധതിക്ക് രൂപം നൽകി ഉത്തരവായിരുന്നു. ടി പദ്ധതിയിലേക്ക് തുക സ്വീകരിക്കുന്നതും അനുവദിക്കുന്നതും സംബന്ധിച്ച നടപടി ക്രമങ്ങൾ:—

1. സ്പാർക്ക് വഴി ശമ്പളം മാറുന്ന ജീവനക്കാരുടെ ടി പദ്ധതിയിലേക്കുള്ള വിഹിതം ഡിഡക്ഷൻ കോഡ് മുഖേന കുറവ് ചെയ്ത് 8658-00-102-Suspense Accounts (Civil)-96-32-Contributions of State Government Employees towards Children's Cancer Treatment Scheme (Balasanthwanam-2014) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ സ്വീകരിക്കേണ്ടതാണ്.

2. സ്പാർക്ക് വഴി അല്ലാതെ ശമ്പളം മാറുന്ന ജീവനക്കാർക്ക് 8658-00-102-Suspense Accounts (Civil)-96-32-Contributions of State Government Employees towards Children's Cancer Treatment Scheme (Balasanthwanam-2014) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ചെലാൻ വഴി നേരിട്ട് ഒടുക്കാവുന്നതാണ്.

3. ഇപ്രകാരം പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ടിൽ സ്വരൂപിക്കുന്ന തുക ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ റ്റി. എസ്. ബി. അക്കൗണ്ട്-104-ൽ അതാത് ദിവസം തന്നെ ക്രെഡിറ്റ് ചെയ്യപ്പെടുന്നു എന്ന് ട്രഷറി ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

GCPT. 4/1097/2015/S-21.

4. പരാമർശം-1 മാനദണ്ഡം 6 പ്രകാരം അക്കൗണ്ടിൽ സ്വരൂപിക്കുന്ന തുക തിരുവനന്തപുരം ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് ആവശ്യാനുസരണം ക്രെഡിറ്റ് ചെയ്യപ്പെടുമെന്നും ജില്ലാ കളക്ടർ ആർ.സി.സി. മേധാവിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ച് തുക അനുവദിക്കേണ്ട താണെന്നും ഉത്തരവായിരുന്നു.

എന്നാൽ ഈ നടപടി ധനസഹായം എത്തിക്കുന്നതിന് കാലതാമസം വരുത്തും എന്നുള്ളതിനാൽ അക്കൗണ്ടിൽ സ്വരൂപിക്കുന്ന തുക ക്യാൻസർ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി തിരുവനന്തപുരം ആർ. സി. സി. മേധാവിയുടെ ശുപാർശ/ അഭ്യർത്ഥന പ്രകാരം നേരിട്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതാണ്.

5. ബാലസാന്ത്വനം 2014 പദ്ധതിയെക്കുറിച്ച് ജീവനക്കാർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ വകുപ്പ് മേധാവികളും ജീവനക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതും ആവശ്യമെങ്കിൽ ബോധവൽക്കരണ ക്ലാസ്/സെമിനാറുകൾ സംഘടിപ്പി ക്കേണ്ടതും ആകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**രാജേഷ് കുമാർ സിൻഹ,**

*ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി.*

*പകർപ്പ്:*

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. ആന്റ് ഇ.), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. ആന്റ് എസ്.എസ്.എ.), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ. ആന്റ് ആർ.എസ്.എ.), കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പുതലവൻമാർക്കും ഓഫീസുകൾക്കും.

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും.

എല്ലാ സഹകരണ സ്ഥാപനങ്ങളുടെ തലവൻമാർക്കും.

എല്ലാ സ്വയംഭരണ സ്ഥാപനങ്ങളുടെയും അർദ്ധസർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർമാർ, സർവ്വകലാശാലകൾ കേരള/കൊച്ചി/കോഴിക്കോട്/ മഹാത്മാഗാന്ധി/കണ്ണൂർ/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, ലോകായുക്ത, തിരുവനന്തപുരം.

രജിസ്ട്രാർ, കാർഷിക സർവ്വകലാശാല, മണ്ണുത്തി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തിരുവനന്തപുരം.

സെക്രട്ടറി, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരളാ എറണാകുളം. (ആമുഖ കത്തോടുകൂടി).

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.

നിയമസഭാ സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്കും.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.

മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ, കേരള, തിരുവനന്തപുരം.

സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, (ആമുഖ കത്തോടുകൂടി).

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.